**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6355** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അത്യാവശ്യമായി ചെയ്യേണ്ട പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ UP & HS ഹോസ്റ്റൽ നവീകരണം, പെയിന്റിംഗ്, HSS ഹോസ്റ്റൽ റിപ്പയർ, പെയിന്റിംഗ്, ഇന്റർലോക്ക് ചെയ്യൽ, മെസ് ഹാൾ, കിച്ചൻ നവീകരണം, HSS സ്കൂൾ കെട്ടിടങ്ങൾക്കിടയിലുള്ള സ്ഥലത്ത് മേൽക്കൂര, സ്റ്റേജ് എന്നിവ സ്ഥാപിച്ച് ഓഡിറ്റോറിയം തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തികൾ ആവശ്യമുള്ളതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ പ്രൊപ്പോസലുകൾ 2023-24 സാമ്പത്തികവർഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ